# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **686** — 08.03.2012-ൽ മറുപടിക്ക്

## ജെ.പി.എച്ച്.എൻ മാരെ പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ എൻ. ആർ.എച്ച്.എം പദ്ധതിയിലേയ്ക്ക് ജെ.പി.എച്ച്.എൻ മാരെ തെരഞ്ഞെടുക്കുന്നതിന്റെ നടപടിക്രമം വിശദമാക്കുമോ ; | (എ) 25.07.2011 വരെ കൈക്കൊണ്ടിരുന്ന പരിഗണന താഴെ പറയുംവിധമാണ്. പ്രഥമ പരിഗണന ഗവൺമെന്റ് ജെ.പി. എച്ച്.എൻ ട്രെയിനിംഗ് സെന്ററിൽ നിന്നും കോഴ്സ് പൂർത്തിയായി പുറത്തിറങ്ങുന്ന ഉദ്യോഗാർത്ഥികളെ ബോണ്ട് കാലാവധി പൂർത്തിയാക്കുന്നതിനുവേണ്ടി ബോണ്ടഡ് മുഖാന്തിരമാണ് നിയമനം നടത്തുന്നത്. ഇതിന്റെ അഭാവത്തിൽ പി.എസ്.സി ലിസ്റ്റിനാണ് പരിഗണന നൽകുക. അതും ഇല്ലെങ്കിൽ നേരിട്ട് കൂടിക്കാഴ്ച മുഖാന്തിരമാണ് നിയമനം നടത്തുന്നത്.<br>26.07.2011-ലെ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ 15-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ താഴെ പറയും പ്രകാരം പരിഗണന പുനർനിർണ്ണയം ചെയ്തിട്ടുണ്ട്.<br>പ്രഥമ പരിഗണന പി.എസ്.സി ലിസ്റ്റിനാണ്. പി.എസ്.സി ലിസ്റ്റിന്റെ അഭാവത്തിൽ ഗവൺമെന്റ് ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്ററിൽ നിന്നും കോഴ്സ് പൂർത്തിയായി പുറത്തിറങ്ങുന്ന ഉദ്യോഗാർത്ഥികളെ ബോണ്ട് കാലാവധി പൂർത്തിയാക്കുന്നതിനുവേണ്ടി ബോണ്ടഡ് മുഖാന്തിരമാണ് നിയമനം നടത്തുന്നത്. അതും ഇല്ലെങ്കിൽ നേരിട്ട് കൂടിക്കാഴ്ച മുഖാന്തിരമാണ് നിയമനം നടത്തുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയിലേയ്ക്കുള്ള ജെ.പി.എച്ച്.എൻ മാരെ നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നാണോ തെരഞ്ഞെടുത്തിട്ടുള്ളത് ; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) ഇപ്പോൾ പി.എസ്.സി തന്ന 27 പേരുടെ ലിസ്റ്റ് പ്രകാരം കരാർ വ്യവസ്ഥയിൽ ജോലി ചെയ്യാൻ സന്നദ്ധരായ 14 പേരെ നിയമിച്ചു. വീണ്ടും ജെ.പി.എച്ച്.എൻ മാരുടെ ലിസ്റ്റ് ആവശ്യപ്പെട്ടപ്പോൾ എൻ.ആർ.എച്ച്.എം-ൽ കരാർ വ്യവസ്ഥയിൽ നിയമിക്കാൻ നഴ്സുമാരുടെയും ജെ.പി.എച്ച്.എൻ മാരുടെയും ലിസ്റ്റ് നൽകേണ്ടതില്ല എന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവായതായി തിരുവനന്തപുരം ജില്ലാ പി.എസ്.സി ഓഫീസറിൽ നിന്നും ഡി.റ്റി.ജി(2)2149/2006 തീയതി 20.12.2011 എന്ന കത്ത് മുഖാന്തിരം അറിയിക്കുകയുണ്ടായി (അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു). ആയതിനാൽ ഗവൺമെന്റ് ജൂനിയർ പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്റർ, തൈക്കാട്, തിരുവനന്തപുരത്തു നിന്നും തന്ന ബോണ്ട് ലിസ്റ്റിൽ നിന്നും ആണ് ഇപ്പോൾ നിയമിക്കുന്നത്. |
| (സി) ഇതര ജില്ലകളിലേതുപോലെ തിരുവനന്തപുരം ജില്ലയിലും എൻ.ആർ. എച്ച്.എം പദ്ധതിയിലേയ്ക്ക് ജെ. പി.എച്ച്.എൻ മാരെ പി.എസ്.സി ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) പി.എസ്.സിയിൽ നിന്നും ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |

അനുബന്ധം

WEBSITE : www.keralapsc.org
Address: "KERSERCOM"

E-MAIL : kpsctvm@bsnl.in
Telephone No : 0471-2448188

**കേരള പബ്ലിക് സർവീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ് : തിരുവനന്തപുരം**

No. DTG(2)2149/2006

തിരുവനന്തപുരം,
തീയതി : 20.12.2011

പ്രേഷകൻ

ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസ്,
പട്ടം, തിരുവനന്തപുരം.

സ്വീകർത്താവ്

ജില്ലാ പ്രോഗ്രാം മാനേജർ
ആരോഗ്യ കേരളം,
തിരുവനന്തപുരം – 14.

സർ,

വിഷയം:- കെ.പി.എസ്.സി ജില്ലാ ഓഫീസ് - തിരുവനന്തപുരം - ആരോഗ്യ വകുപ്പിലെ വിവിധ തസ്തികകളുടെ റാങ്ക് ലിസ്റ്റിൽ നിന്നും NRHM മുഖേന ഉദ്യോഗാർത്ഥികളെ നിയമിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 14.11.2011 ലെ താങ്കളുടെ DPSU/711/TVPM/2011 നമ്പർ കത്ത്.

* * * * * * *

സൂചനാ കത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തുടങ്ങിയ തസ്തികകളുടെ പി.എസ്.സി റാങ്ക് പട്ടികകളിൽ നിന്നും NRHM മുഖേന കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ഇനി മുതൽ ഉദ്യോഗാർത്ഥികളുടെ പട്ടിക നൽകേണ്ടതില്ലയെന്ന് ബഹുമാനപ്പെട്ട കമ്മീഷൻ ഉത്തരവായതിനാൽ സൂചനാ കത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള ലിസ്റ്റുകൾ നൽകാൻ കഴിയില്ലായെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ ഓഫീസർ
കെ.പി.എസ്.സി ജില്ലാ ഓഫീസ്
തിരുവനന്തപുരം